പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.891 29.09.2016-ലെ മറുപടിക്ക്

'മിച്ചഭൂമി പതിച്ചു നൽകിയ നടപടി'

**ചോദ്യം**

ശ്രീ.എം.എം.മണി
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.ആന്റണി ജോൺ
ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിൽ തീക്കോയി വില്ലേജിൽ മുരുകൻമല ക്ഷേത്രത്തോട് ചേർന്നു കിടക്കുന്ന മിച്ചഭൂമിയിൽ നിന്ന് എസ്.എൻ. ട്രസ്റ്റിന് മുൻ സർക്കാർ ഭൂമി പതിച്ചു കൊടുത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതീവ പാരിസ്ഥിതിക ദുർബല പ്രദേശമായ വാഗമണ്ണിനോട് ചേർന്നുള്ള പത്തേക്കർ ഭൂമിയാണ് പതിച്ചു കൊടുത്ത തെന്നത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) | പതിച്ചു കൊടുത്ത ഭൂമി അതീവ പാരിസ്ഥിതിക ദുർബല പ്രദേശത്തിൽ ചേർന്നുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വസ്തു പതിച്ചുകൊടുക്കാനിടയായ സാഹചര്യവും അതിലെ നിയമവിരുദ്ധമായ ഇടപെടലും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | (സി) | 10/06/2008, 26/04/2012 തീയതികളിലെ എസ്.എൻ.ഡി.പി.യോഗം മീനച്ചിൽ യൂണിയൻ, ശ്രീനാരായണ ട്രസ്റ്റ് സെക്രട്ടറി എന്നിവരുടെ അപേക്ഷകളും തുടർന്നുള്ള ലാൻഡ് ബോർഡ് സെക്രട്ടറി, കോട്ടയം ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11/09/2012 തീയതി യിലെ മന്ത്രിസഭാ യോഗ തീരുമാന പ്രകാര വുമാണ് എസ്.എൻ.ട്രസ്റ്റിന് 10 ഏക്കർ ഭൂമി സാംസ്കാരിക കേന്ദ്രം പണിയുന്നതിന് പതിച്ചു നൽകിയത്. |

സെക്ഷൻ ഓഫീസർ